(സി) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുള്ള സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. † ഓരോ ലാഭകേന്ദ്രവും പ്രത്യേകം ലാഭമുണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

(ഡി) ഉദ്ദേശിച്ചിട്ടില്ല.

വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഉൽപ്പാദനക്കുറവ്

52 (887) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത നിലയങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താത്തതുമൂലം പ്രതിദിനം വൈദ്യുത ഉൽപ്പാദനത്തിലുണ്ടായ കുറവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വൈദ്യുതി നിലയങ്ങളിലാണ് അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തേണ്ടതുള്ളതെന്ന് വ്യക്തമാക്കുമോ ; ഇതിൽ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അറ്റകുറ്റപ്പണികൾ യഥാസമയത്തുതന്നെ നടത്താറുണ്ട്.

(ബി) ഇടമലയാർ പവ്വർഹൗസിൽ ഒരു ജനറേറ്ററിന്റെ അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് ജൂലൈ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ എല്ലാ പവ്വർഹൗസുകളിലും ഷെഡ്യൂൾ അനുസരിച്ചുള്ള വാർഷികവും മാസാമാസവുമുള്ള അറ്റകുറ്റപ്പണികളും നടത്തുന്നുണ്ട്.

ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ നിർമ്മാണം

53 (888) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുതും വലുതുമായ എത്ര ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ നിർമ്മാണം നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം എന്ന് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയും പൂർത്തിയാക്കുന്നതിന് എന്തു തുക ചെലവു വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly